# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *87

10.02.2016-ലെ മറുപടിക്ക്

<u>വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുവാൻ നടപടി</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.കെ.നാരായണൻ** | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിയിൽപ്പെട്ട വീടില്ലാത്തവർക്ക് അനുവദിച്ച വീടുകളിൽ മൂന്നിലൊന്നു മാത്രം പൂർത്തിയാക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | എ) ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ 55.17% വീടുകൾ 06.02.2016 വരെ പൂർത്തിയായിട്ടുണ്ട്. |

| വർഷം | അനുവദിച്ച വീടുകൾ | 06.02.2016 വരെ നിർമ്മാണം പൂർത്തിയായത് | ശതമാനം |
|---|---|---|---|
| 2011-12 | 3500 | 2749 | 78.54 |
| 2012-13 | 5000 | 3841 | 76.82 |
| 2013-14 | 6397 | 3837 | 59.98 |
| 2014-15 | 4500 | 2615 | 58.11 |
| 2015-16 | 5000 | 419 | 8.38 |

പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായ നായാടി, വേടൻ, കള്ളാടി, ചക്ലിയൻ വിഭാഗങ്ങൾക്കായുള്ള ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച ഭവനനിർമ്മാണധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച വീടുകൾ | 06.02.2016 വരെ നിർമ്മാണം പൂർത്തിയായത് | ശതമാനം |
|---|---|---|---|
| 2011-12 | 374 | 99 | 26.47 |
| 2012-13 | 60 | 14 | 23.33 |
| 2013-14 | 250 | 31 | 12.4 |
| ആകെ | 684 | 144 | -21.13% |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 145 വീടുകളും, 2015-16-ൽ 123 വീടുകളും അനുവദിച്ചിട്ടുണ്ട്. |
| ബി) | വീടു നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാതെ പോകുന്നത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | ബി) | ഓരോ വർഷവും വകുപ്പിൽ നിന്നും അനുവദിക്കുന്ന വീടുകളുടെ നിർമ്മാണ പുരോഗതി എല്ലാ മാസവും വകുപ്പദ്ധ്യക്ഷന്റെ കാര്യാലയത്തിലും ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും അവലോകനം ചെയ്യുകയും ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് ഭവനനിർമ്മാണ പുരോഗതി ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു വരുന്നു.<br>നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്, ലഭ്യതക്കുറവ്, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, കയറ്റിറക്ക് കൂലിയിലെ വർദ്ധനവ്, എന്നിവ കാരണമാണ് പ്രധാനമായും വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത്.<br>ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011-12-ൽ സ.ഉ(കൈ)നം. 93/2011/പജപവവി, തീയതി 15.11.2011 പ്രകാരം ഭവനനിർമ്മാണധനസഹായതുക ഒരു ലക്ഷത്തിൽ നിന്നും രണ്ട് ലക്ഷമായും 2014-15-ൽ സ.ഉ(കൈ) നം. 42/2014/പജപവവി, തീയതി 11.07.2014 പ്രകാരം ധനസഹായതുക രണ്ട് ലക്ഷത്തിൽ നിന്നും മൂന്ന് ലക്ഷമായും വർദ്ധിപ്പിക്കുകയുണ്ടായി. പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണ ധനസഹായം സ.ഉ(കൈ) നം. 73/2014/പജപവവി, തീയതി 09.10.2014 പ്രകാരം രണ്ട് ലക്ഷത്തിൽ നിന്നും 3.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| സി) | വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും പലിശരഹിത വായ്പ നൽകി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തിയാക്കാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുമോ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ ധനസഹായ തുകയിൽ 300 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാലും പ്രസ്തുത കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ